**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4045** **03-03-2023 - ൽ മറുപടിയ്ക്ക്**

**കെമിക്കൽ എക്സാമിനേഷൻ ലാബുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ കെമിക്കൽ എക്സാമിനേഷൻ ലാബുകളുടെ പ്രവർത്തനവും അവയുടെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ചും സർക്കാർ തലത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ നിലവിലുള്ള സംവിധാനം പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ; | (എ) | കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ നിലവിലെ പ്രവർത്തനങ്ങൾ വിലയിരുത്തി വിശദമായ പഠനം നടത്തുവാൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള പഠന സംഘം കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ് മേധാവിയുമായി ചർച്ച ചെയ്ത് തുടർനടപടി സ്വീകരിച്ചു വരുന്നു. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ നോഡൽ ഓഫീസറായും രണ്ട് മുൻ ചീഫ് കെമിക്കൽ എക്സാമിനർമാരെ ടെക്നിക്കൽ എക്സ്പെർട്ടുമാരായും നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | സാംപിളുകൾ സമയബന്ധിതമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | കോടതി വ്യവഹാരങ്ങളിന്മേൽ അടിയന്തര തീർപ്പ് കൽപ്പിക്കുന്നതിനായി നിലവിലുള്ള ലബോറട്ടറികളുടെ പ്രവർത്തനം വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; പുതിയ ലാബുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ